പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **280**

06.01.2014 ൽ മറുപടിയ്ക്ക്

## സുനീഷ് കുമാറിനെതിരെയുള്ള പോലീസ് മർദ്ദനം.

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം.ഉമ്മർ | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | ചില പോലീസ് ഉദ്യോഗസ്ഥരുടെ വൈരനിര്യാതന നടപടികൾക്കിരയായ തിരുവനന്തപുരം മലയിൻകീഴ് സ്വദേശി ശ്രീ. സുനീഷ് കുമാറിന്റെ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | ശ്രീ. സുനീഷ് കുമാർ സമർപ്പിച്ച പരാതിയിന്മേൽ തിരുവനന്തപുരം (റൂറൽ) ജില്ലാ പോലീസ് മേധാവി മുഖാന്തിരം അന്വേഷണം നടത്തി റിപ്പോർട്ട് വാങ്ങിയിട്ടുള്ളതും, തുടർന്ന് പോലീസ് ഹെഡ്ക്വാർട്ടേഴ്സിലെ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം മുഖാന്തിരം വിശദമായി പരിശോധിച്ചതിൽ സബ് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. ചന്ദ്രദാസ് ശരിയായ രീതിയിൽ കേസ് അന്വേഷണം നടത്തിയിട്ടില്ലായെന്നും തുടർന്ന് ടി കേസിന്റെ തുടരന്വേഷണം നടത്തിയ കാട്ടാക്കട സർക്കിൾ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. ശ്രീകുമാറും അന്വേഷണത്തിൽ വീഴ്ച വരുത്തിയതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി രണ്ട് പോലീസ് ഓഫീസർമാർക്കെതിരെയും അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ, മലയിൻകീഴ് പോലീസ് സ്റ്റേഷനിൽ ശ്രീ. സുനീഷ് കുമാർ നാലാം പ്രതിയായി രജിസ്റ്റർ ചെയ്യപ്പെട്ട ക്രൈം നമ്പർ 108/2010-ന്റെ വിശദമായ അന്വേഷണം ഒരു ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് മുഖാന്തിരം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയിരിക്കുകയുമാണ്. |

....2

(ബി) ഈ യുവാവിനെ അകാരണമായി മർദ്ദിച്ചതിനും കേസെടുത്തതിനുമെതിരെ നാല് പോലീസുദ്യോഗസ്ഥർക്കെതിരെ പ്രോസിക്യൂഷൻ നടപടിക്ക് ഉത്തരവ് നൽകിയിരുന്നോ ; എങ്കിൽ എന്നാണ് ഉത്തരവ് പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) 06.01.2009-ലെ G.O.(Rt) No.68/09/Home പ്രകാരം സർക്കാർ പ്രോസിക്യൂഷന് അനുമതി നൽകിയിട്ടുണ്ട്.

(സി) ഇതുപ്രകാരം ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട്; ഇവർക്ക് മാതൃകാപരമായ ശിക്ഷ ഉറപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) പ്രതികാര നടപടിക്കിരയായ ഈ യുവാവിന് നഷ്ടപരിഹാരം നൽകാനും, തുക ഉത്തരവാദികളിൽ നിന്നും ഈടാക്കാനും നടപടി സ്വീകരിക്കുമോ ?

(സി) & (ഡി) ശ്രീ. സുനീഷ് കുമാർ ബഹു. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി, കാട്ടാക്കട മുമ്പാകെ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സ്വകാര്യ അന്യായം ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ CC 561/10 പ്രകാരം ഫയലിൽ സ്വീകരിച്ച് കോടതി നടപടികൾ നടന്നു വരികയാണ്. കോടതി ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ